(ബി) എം.എൽ.എ.-യുടെ ട്രഷറി നിക്ഷേപസമാഹരണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടിയിലധികം രൂപ ചെലവു ചെയ്ത് നിർമ്മിച്ച സ്റ്റേഡിയത്തിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും നിർമ്മിക്കുന്നതിനായി അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ &ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് സ്റ്റേഡിയത്തിൽ ഗ്യാലറിയും സിന്തറ്റിക് ഫ്ളോറിംഗും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള അപേക്ഷ 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള ശിപാർശയിൽ ഈ വിഷയം ചേർത്തിട്ടുണ്ട്.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം

302 (308) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസ് നടത്തിപ്പിനായി നവീകരിച്ച ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ മേൽനോട്ടം ഇനിമുതൽ ആർക്കാണെന്നും സ്റ്റേഡിയത്തിൽ പുതിയതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) നാഷണൽ ഗെയിംസിന്റെ ഭാഗമായി സ്റ്റേഡിയം നവീകരിക്കുവാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും മത്സരയിനങ്ങൾ നടത്തിയതിന് എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലനച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. സ്റ്റേഡിയത്തിൽ പുതുതായി പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള നടപടികൾ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചു വരുന്നു.

(ബി) ദേശീയ ഗെയിംസിന്റെ ഭാഗമായി ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 1.19 കോടി രൂപ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ചെലവഴിച്ചിട്ടുണ്ട്. ഓരോ മൽസരയിനത്തിലും വരുന്ന ചെലവ് പ്രത്യേകമായി കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly